(ഡി) യോഗ്യതയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടതും നിലവിലുള്ളതുമായ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും മുൻഗണനാക്രമത്തിൽ 16 പേരെ മീറ്റർ റീഡർമാരായി. നിയമിച്ചിട്ടുണ്ട്. ക്ലാർക്കുമാരായി ആരെയും നിയമിച്ചിട്ടില്ല.

സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി

40 (3981) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റ് നിലവിലുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ നിലവിലുള്ളത് ;

(സി) നിലവിൽ ഒഴിവുള്ള തസ്തികയിലേക്ക് അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 25 ഒഴിവുകൾ നിലവിലുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

മൃഗശാലകളും കാഴ്ചബംഗ്ലാവുകളും നവീകരിക്കുന്നതിനുള്ള നടപടി

41 (3982) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൃഗശാലകളും കാഴ്ചബംഗ്ലാവുകളും നവീകരിക്കുന്നതിനും പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ രൂപപ്പെടുത്തുന്നതിനുംവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) തിരുവനന്തപുരം മൃഗശാല നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് എന്ത് തുക ചെലവഴിച്ചിട്ടുണ്ട് ;

(ഡി) പുതുതായി നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് ; വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മ്യൂസിയം മൃഗശാല വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും തൃശ്ശൂരുമാണ് ഓരോ മൃഗശാലകളുള്ളത്. ഇതിൽ തൃശ്ശൂർ മൃഗശാല റിക്രസിപ്പിക്കുന്നതിനുവേണ്ടി പുതിയ സ്ഥലത്തേക്ക് മാറ്റുന്നതിനും അതിനു വേണ്ട വനഭൂമി ലഭ്യമാക്കുന്നതിനും നടപടി തുടർന്നുവരികയാണ്. തിരുവനന്തപുരം മൃഗശാല നവീകരണപദ്ധതിയുടെ ഭാഗമായി മൃഗാശുപത്രി നവീകരിച്ച് മൃഗങ്ങൾക്ക് ആധുനിക ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ട ഉപകരണങ്ങൾ വാങ്ങി, ആന, കാണ്ടാമൃഗം, ഹിപ്പോ എന്നീ മൃഗങ്ങൾക്കും വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന വാനരവർഗ്ഗത്തിൽപ്പെട്ട ജീവികൾക്കും ബ്ലാക്ക് ബിയർ, സ്ലോത്ത് ബിയർ എന്നീ കരടികൾക്കും വേണ്ടിയുള്ള തുറന്ന ആവാസ കേന്ദ്രങ്ങളുടെ പണി പൂർത്തിയാക്കി അവയെ മാറ്റി പാർപ്പിച്ചു. പാതിരിക്കുരങ്ങ്, കരിംകുരങ്ങ്, ഹനുമാൻകുരങ്ങ്, സിംഹം, ചിമ്പാൻസി എന്നീ മൃഗങ്ങൾക്കു വേണ്ടിയുള്ള തുറന്ന ആവാസ കേന്ദ്രങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. തിരുവനന്തപുരം നാപ്പിയർ മ്യൂസിയം ആധുനിക സങ്കൽപ്പങ്ങൾക്കനുസരിച്ച് നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) തിരുവനന്തപുരം മൃഗശാല നവീകരണപദ്ധതിക്കുവേണ്ടി ഇതുവരെ 491.17 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പക്ഷികൾ, പുലികൾ, സീബ്ര, പുള്ളിമാൻ, കാട്ടുപന്നി എന്നിവയ്ക്ക് വേണ്ടിയുള്ള തുറന്ന ആവാസകേന്ദ്രങ്ങൾ നിശാചരണ ജീവികൾക്ക് വേണ്ടിയുള്ള ആവാസകേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം.

മൃഗശാലകൾ

42 (3983) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് ആഭിമുഖ്യത്തിലുള്ളതും സ്വകാര്യ വ്യക്തികളോ സംഘടനകളോ നടത്തുന്നതുമായ എത്ര മൃഗശാലകളുണ്ട് ; അവ ഏതെല്ലാം ;

(ബി) ഇവയിൽ സൂ അതോറിറ്റിയുടെ അംഗീകാരം കിട്ടാത്ത മൃഗശാലകളുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

(സി) പ്രസ്തുത മൃഗശാലകൾക്ക് അംഗീകാരത്തിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ടായിരുന്നോ ;

(ഡി) എങ്കിൽ ഇവയ്ക്ക് അംഗീകാരം കിട്ടാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാം ഇനങ്ങളിലുള്ള വന്യജീവികളാണ് ഉള്ളതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly